**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1013** **02-02-2026 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി തൂക്കുവേലിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളിലെ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി നിർമ്മിക്കുന്ന തൂക്കുവേലിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി എന്താണെന്നും ഇതുവരെ എത്ര കിലോമീറ്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | മലയാറ്റൂർ വനം ഡിവിഷന് കീഴിലെ കോടനാട് റെയ്ഞ്ചിന്റെ പരിധിയിൽ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷനു കീഴിൽ വരുന്ന പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളിലെ പാണിയേലി, അയിനിച്ചാൽ, കോട്ടപ്പാറ കുവക്കണ്ടം ഭാഗങ്ങളിൽ നബാർഡ് സഹായത്തോടെ 30 കി.മീ നീളത്തിൽ സോളാർ തൂക്കുവേലി നിർമ്മിക്കുന്നതിന് 04/01/2025 ന്- കരാർ ഒപ്പുവയ്ക്കുകയും പണികൾ പുരോഗമിച്ചു വരികയുമാണ്. നിലവിൽ 6 കി.മീ. ദൂരത്തിൽ സോളാർ തൂക്കുവേലി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | നിർമ്മാണം പൂർത്തീകരിച്ച പ്രദേശങ്ങളിൽ പല ഇടങ്ങളിലും കാട്ടാന തൂക്കുവേലി തകർത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിർമ്മാണം പൂർത്തീകരിച്ച 6 കി.മീ ദൂരത്തിൽ ചിലയിടങ്ങളിൽ കാട്ടാന കാരണം സോളാർ തൂക്കുവേലിക്ക് തകരാർ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. 03//01/2026 ന്- പിണ്ടിമന, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് അധികൃതർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, കരാറുകാരുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന സംഘം സോളാർ തൂക്കുവേലി പരിശോധിച്ച് തകരാറുകൾ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയത് പ്രകാരമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | തൂക്കുവേലി കടന്നു പോകുന്ന പ്രദേശങ്ങളിൽ സമീപത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സോളാർ തൂക്കുവേലി കടന്നു പോകുന്ന പ്രദേശങ്ങളിൽ തൂക്കുവേലിക്ക് തടസ്സമായി അക്കേഷ്യയുൾപ്പെടെയുള്ള ഒമ്പതിനായിരത്തോളം മൃദുമരങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട് . ഇവയിൽ 3344 മരങ്ങൾ ലേലത്തിൽ വിറ്റു പോയിട്ടുള്ളതും ആയത് മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ബാക്കിയുള്ള മരങ്ങൾ മുറിച്ചു<br>മാറ്റുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രദേശത്ത് വന്യമൃഗശല്യം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഫെൻസിങ്ങിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | 04/01/2025 ലെ കരാർ പ്രകാരം സൈറ്റ് കൈമാറിയ 07/02/2025 തീയതി മുതൽ 24 മാസത്തെ നിർമ്മാണ കാലയളവാണ് മേൽ പ്രവൃത്തിയ്ക്കായി അനുവദിച്ചിട്ടുള്ളത്. ടി കാലയളവിനുള്ളിൽ മേൽ പ്രവൃത്തി പൂർത്തീകരിക്കുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ